കേരള സർക്കാർ

# ആരക്കുഴ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി8)2039/2016

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം ,

സിവിൽ സ്റ്റേഷൻ,കാക്കനാട്, എറണാകുളം

ഫോൺ. 0484 2422271

e-mail.ksad.Kerala@gmail.vom.in

തീയതി. 8-12-2016

ജോയിന്റ് ഡയറക്ടർ
പ്രസിഡന്റ് സെക്രട്ടറി മുഖേന
ആരക്കുഴ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആരക്കുഴ ഗ്രാമപഞ്ചായത്ത് -2015-16സാമ്പത്തിക വർഷങ്ങളിലെ
ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേക്കും ഭാഗം 3ലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി8)2039/2016 സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം ,
സിവിൽ സ്റ്റേഷൻ,കാക്കനാട്, എറണാകുളം
ഫോൺ. 0484 2422271
e-mail.ksad.Kerala@gmail.vom.in
തീയതി. 8-12-2016

**എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1/4/15മുതൽ 15/11/16 തിയ്യതി വരെ വിവിധ ഇനങ്ങളി ലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലി ക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പു കളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി.സുരേഷ് രാജു ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16/11/2016 മുതൽ 23/11/2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജലജ എം കെ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാർ.പി.ജോൺ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.മായ കൃഷ്ണൻ,ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ്,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജാൻസി ജോഷി | 1.4.15മുതൽ 11.11.15 വരെ |
| | ശ്രീ.വള്ളമറ്റം കുഞ്ഞ് | 12.11.15മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ.എൻ.അനിൽകുമാർ | 1.4.15മുതൽ 31.03.16 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.വി.കെ.സുബാഷ് | 1.4.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ബിജു | 1.4.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ഇ.പി.സിന്ധു | 1.4.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.കെ.റ്റി.ബാബു | 1.4.15മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ.ധന്യ. വി. പൈ | 1.4.15മുതൽ 31.03.16 വരെ |
| അസി.എഞ്ചിനീയർ | ബേസിൽ മാത്യൂ | 1.4.15മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.സൂസൻ ബെഞ്ചമിൻ | 1.4.15മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്, സൂപ്പർവൈസർ | ശ്രീമതി.ജാനറ്റ് സേവ്യർ | 1.4.15മുതൽ 30.01.16 വരെ |

| | | |
|---|---|---|
| -ടി- | ശ്രീമതി.രമ്യ രതീഷ് | 1.2.16മുതൽ 31.03.16 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.എലിസബത്ത് ജോർജ്ജ് | 1.4.15മുതൽ 31.03.16 വരെ |
| വി.ഇ.ഒ | ശ്രീമതി.അന്ന .എസ് . നായർ | 1.4.15മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | മാർക്കറ്റിലെ ഫീസ് പിരിവ് | 2-1 | |
| | ഭാഗം 3 | | |
| 13 | സേവാ ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ-വാങ്ങൽ | 3-1 | |
| 14 | അലുമിനിയം റൂഫിങ് ഷീറ്റ് - അധിക നിരക്ക് അനുവദിച്ചു- | 3-2 | |
| 15 | ടാറിങ് പ്രവർത്തിക്ക് അധികഅളവിൽ നിരക്ക് അനുവദിച്ചു- | 3-3 | |
| 16 | സിന്തറ്റിക്ക് ഇനാമൽ പെയിൻറ് -അധികനിരക്ക് അനുവദിച്ചു | 3-4 | |
| 17 | പൊട്ടന്മല കുടിവെള്ള പദ്ധതി-മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ | 3-5 | |
| 18 | പാലിയേറ്റീവ് കെയർ -പദ്ധതി നടത്തിപ്പിൽ അപാകത | 3-6 | |
| 18 | മൃഗാസ്പത്രിയ്ക്ക് മരുന്ന വാങ്ങൽ | 3-7 | |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 3-8 | |

| | | | |
|---|---|---|---|
| 20 | ആശ്രയ കുടുംബങ്ങൾക്ക് മരുന്ന് | 3-8 | |
| 21 | തൊഴിലുപകരണങ്ങൾക്കു വാടക | 3-10 | |
| 22 | തൊഴിലുറപ്പ് പദ്ധതി | 3-11 | |
| | ഭാഗം 4 | | |
| | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| | ഓഡിറ്റ് റിക്കവറി | 4-6 | |
| | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

അനുബന്ധം

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്
2.ബാലൻസ് ഷീറ്റ്
3.രസീപ്റ്റ്&പേയ്മെൻറ് അക്കൗണ്ട്
4.ഇൻകം&എക്സ്പെൻറിച്ചർ അക്കൗണ്ട്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 30/03/2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബഡ്ജറ്റ് പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പ്രാരംഭ ബാക്കി | 558309 | 9295818 | 8737509 | |
| വരവ് | 38473500 | 207080449 | 17693051 | 45.98% |
| ആകെ | 39031809 | 30076267 | 8955542 | |
| ചെലവ് | 38083364 | 26675403 | 11407961 | 2%96% |
| നീക്കിയിരിപ്പ് | 948445 | 3400864 | 2452419 | |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. നിയമാനുസരണം ബജറ്റ് തയ്യാറാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2016 | 03-08-2016 |

*1994*-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് *9(1)*വകുപ്പുപ്രകാരം വാർഷിക ധനകാര്യപത്രിക യഥാസമയം ഓഡിറ്റിനായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്, കാലതാമസം നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല.

*(*ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9,295,818.00 |
| വരവ് | 20,780,449.00 |
| ആകെ | 30,076,267.00 |
| ചെലവ് | 26,675,403.00 |
| നീക്കിയിരിപ്പ് | 3,400,864.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 585778 | 2010124 | 2595902 | 2595902 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 993428 | 284783 | 1278211 | 1278211 | 0 | 100% |
| വികസനഫണ്ട് ടി.എസ്.പി. | 7027 | 17000 | 24027 | 24027 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | 539185 | 1752623 | 2291808 | 2291808 | 0 | 100% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 241210 | 1975972 | 2217182 | 2217182 | 0 | 100% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1145726 | 3846883 | 4992609 | 4992609 | 0 | 100% |
| പെർഫോമൻസ് ഗ്രാന്റ് | 1911521 | 1163890 | 3075411 | 3075411 | 0 | 100% |
| എം.എൻ.ആർ.ഇ. ജി.എസ്. | 0 | 259325 | 259325 | 259266 | 59 | 99.97% |
| ബി ഫണ്ട് | 0 | 305920 | 305920 | 305920 | 0 | 100% |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 102 | 27238907 | 90 | 17716033 | - | 12 | 75% |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 35.49%ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2807713 | 2149420 | 658293 | 30.62% (-) |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 779805 | 514544 | 265261 | 51% (-) |
| മറ്റുവരവുകൾ | 39605 | 12997 | 26608 | 204% (-) |
| ആകെ | 3627123 | 2676961 | 950162 | 35.49% (-) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4920 | 5 |
| കർഷകതൊഴിലാളി പെൻഷൻ | 1419660 | 179 |
| വിധവാപെൻഷൻ | 4169960 | 404 |
| വാർദ്ധക്യകാലപെൻഷൻ | 6461220 | 743 |
| വികലാംഗപെൻഷൻ | 1186775 | 133 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 270000 | 9 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 282240 | 28 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/11/2016 ന് അക്കൗണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1247/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമാണ്, തപാലുകൾ കൃത്യമായി രേഖപ്പെടുത്തി സെക്ഷനുകളെ ഏല്പിക്കുന്നുണ്ട്.ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ശരിയായി പരിപാലിക്കുന്നുണ്ട്.

2.പഞ്ചായത്തിലെ ലാൻഡ് ഫോൺ ബില്ലിനത്തിൽ എല്ലാ മാസത്തെ അടവിലും തന്നെ ലേറ്റ് ഫീ അടവാക്കിയിട്ടുള്ളതായി കാണുന്നു.യഥാസമയം ബില്ലുകൾ അടവാക്കി സാമ്പത്തിക നഷ്ടം ഒഴിവാക്കേണ്ടതാണ്.

3.പഞ്ചായത്തിലെ ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിൽ പിശകുകൾ കാണുന്നു. തുകകൾ എഴുതിച്ചേർക്കുമ്പോൾ തെറ്റായി എഴുതിച്ചേർക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2016 | 10/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2014 | 2011-12 | 22.8.14 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മാർക്കറ്റിലെ ഫീസ് പിരിവ്

പണ്ടപ്പിള്ളി മാർക്കറ്റിൽ നിന്നും ഫീസ് പിരിക്കുന്നതിനുള്ള അവകാശം(ഷട്ടർ മുറിയും കാർഷികവിപണന മന്ദിരവും ഒഴികെ) 'കാർഷിക വിപണനസംഘം' പണ്ടപ്പിള്ളിയുടെ പ്രസിഡൻറ് ശ്രീ.പി.കെ.രാജന് പഞ്ചായത്ത് ഓഡിറ്റ് കാലയളവിൽ 17000/-രൂപ കൈപ്പറ്റി അനുവദിച്ചുനല്കിയിട്ടുണ്ട്.(രസീ.നം.2626/11.3.2015,2627/11.3.15). ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായ അപാകതകൾ ചുവടെ-

1. 'കാർഷിക വിപണനസംഘം' ഓഡിറ്റ് കാലയളവിൽ മാർക്കറ്റിൽ നിന്നുംഫീസ് പിരിവുമായി ബന്ധപ്പെട്ട യാതൊരുവിധ ലേലനടപടികളിലും പങ്കെടുത്തിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും കാലാകാലങ്ങളായി ടി-സംഘം തന്നെയാണ് മാർക്കറ്റിൽ നിന്നും ഫീസ് പിരിവു നടത്തുന്നത്. ഫീസിനത്തിൽ കാലോചിതമായ ചെറിയ വർദ്ധന

മാത്രമേ വരുത്തുന്നുള്ളൂ. ലേല നടപടികൾ സുതാര്യമാക്കൽ പ്രകാരമുള്ള (ഗവ.സർക്കുലർ 30270/എഫ്.എം.3/07/ ത.സ്വ.ഭ.വ.22.7.2011)-പ്രകാരം ലേല നടപടികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കണമെന്നാണ് വ്യവസ്ഥ, എന്നാൽ ഇത്തരം ഒരു നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2. ടി-സംഘത്തിന് മാർക്കറ്റിൽ കാർഷിക വിപണനത്തിനായി വരുന്ന വ്യക്തികളിൽ നിന്നും ഫീസ് ഈടാക്കുന്നതിനുള്ള അവകാശം മാത്രമേ നിക്ഷിപ്തമായിട്ടുള്ളൂ, എന്നാൽ ഈവിഷയം സംബന്ധിച്ച് പഞ്ചായത്ത് യാതൊരുവിധ കരാറിലും 'കാർഷിക വിപണനസംഘം' വുമായി ഏർപ്പെട്ടിട്ടില്ല. കരാർ വ്യവസ്ഥ അടിസ്ഥാനപ്പെടുത്തി (ഗവ.സർക്കുലർ 28758/ഡി.ബി.2/ 10/ത.സ്വ.ഭ.വ.15.10.2010)- കേരളാ സ്റ്റാമ്പ് ആക്ടിലെ പട്ടികയിലെ എൽ.ടി.5(ഡി)പ്രകാരം നൂറ് രൂപയുടെ മൂല്യമുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടണമെന്ന് വ്യവസ്ഥ ചെയ്യുന്നു.എന്നാൽ പഞ്ചായത്ത് വക കടമുറികളോ, മാർക്കറ്റ് സ്റ്റാളുകളോ, പൊതുമാർക്കറ്റിലെ ഏതെങ്കിലുമൊരു ഭാഗമോ,ലേലം ചെയ്യതോ, മറ്റ് വിധത്തിലോ വാടകയ്ക്കോ,പാട്ടത്തിന് നൽകുന്നതോ സംബന്ധിച്ച് യാതൊരുവിധ കരാറുകളോ, മാർക്കറ്റിലെ പിരിവ് സംബന്ധിച്ച് കരാറുകളോ പഞ്ചായത്ത് ചമച്ചിട്ടില്ല.

3.സർക്കാരിൻെറ 9.2.2015-ലെ 81309/EPB3/14/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെയും,ഷോപ്പിങ്ങ് കോപ്ലക്സുകളുടെയും മുറികളുടെയും വിവരങ്ങൾ കൃത്യമായി എഴുതി ആയത് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ ഇത്തരത്തിൽ ഒരു നടപടി പണ്ടപ്പിള്ളി മാർക്കറ്റിനെ സംബന്ധിച്ച് ഉണ്ടായിട്ടില്ല.

4.ഓഡിറ്റ് പരിശോധനയിൽ പണ്ടപ്പിള്ളി മാർക്കറ്റും അതിനോടനുബന്ധിച്ച സ്റ്റാളുകളും കൂടി ആകെ 18-മുറികൾ നിലവിൽ ഉണ്ട്. ആയത് പഞ്ചായത്തിൻെറ ആസ്തി രജിസ്റ്ററിലും ഉൾപ്പെട്ടവയാണ്.ആയതിൻെറ വിശദവിവരം ചുവടെ-

| ക്രമനം | കെട്ടിടം/നിർമ്മാണ വർഷം | കെട്ടിടനം,ഇനം | സർവ്വേ നം | പ്ലിൻത് ഏരിയ(sq.m) |
|---|---|---|---|---|
| 1 | മാർക്കറ്റ് ബിൽഡിംഗ്, 1988 | 179/7 ,സ്റ്റാൾ | 845/3 | 28 |
| 2 | മാർക്കറ്റ് ബിൽഡിംഗ്, 1988 | 180/7 ,സ്റ്റാൾ | 845/3 | 28 |
| 3 | മാർക്കറ്റ് ബിൽഡിംഗ്, 1996 | 181/07 ,സ്റ്റാൾ | 845/3 | 74.90 |
| 4 | മാർക്കറ്റ് ബിൽഡിംഗ്, 1996 | 182/07 ,സ്റ്റാൾ | 845/3 | 74.90 |
| 5 | മാർക്കറ്റ് ബിൽഡിംഗ്, 2004 | 183/07 ,സ്റ്റാൾ | 845/3 | 34.79 |

| | | | | |
|---|---|---|---|---|
| 6 | മാർക്കറ്റ് ബിൽഡിംഗ്, 2004 | 184/07 ,സ്റ്റാൾ | 845/3 | 34.79 |
| 7 | മാർക്കറ്റ് ബിൽഡിംഗ്, 2003 | 185/07 ,സ്റ്റാൾ | 845/3 | 26 |
| 8 | മാർക്കറ്റ് ബിൽഡിംഗ്, 2003 | 186/07 ,സ്റ്റാൾ | 845/3 | 26 |
| 9 | മാർക്കറ്റ് ബിൽഡിംഗ്, 2003 | 187/07, ഇറച്ചിക്കട | 845/3 | 49.98 |
| 10 | മാർക്കറ്റ് ബിൽഡിംഗ്, 2004 | 188/07, ഇറച്ചിക്കട | 845/3 | 42 |
| 11 | മാർക്കറ്റ് ബിൽഡിംഗ്, 2004 | 189/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 12 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 190/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 13 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 191/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 14 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 192/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 15 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 193/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 16 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 194/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 17 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 195/07,മുറികൾ | 845/3 | വ്യക്തമല്ല. |
| 18 | മാർക്കറ്റ് ബിൽഡിംഗ്, വ്യക്തമല്ല. | 196/07,മുറികൾ | 845/3 | വ്യക്തമല്ല. |

മേൽ കെട്ടിടത്തിലെ മുറികളുടെ വാടക നിശ്ചയിക്കുകയോ, ആയത് വാടക ഡിമാൻറ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഡിമാൻറ് ചെയ്യുകയോ നാളിതുവരെ പഞ്ചായത്ത് ചെയ്തിട്ടില്ല.മേൽ മുറികൾ എല്ലാം തന്നെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും പ്രവർത്തനയോഗ്യവുമാണ്.

5.പഞ്ചായത്ത് ഉടമസ്ഥതയില്ലുള്ള കെട്ടിടത്തിൻറ വാടകയിനത്തിൽ പ്രതിവർഷം വൻ തുക നഷ്ടമായികൊണ്ടിരിക്കുകയാണ്. നഷ്ടം വിലയിരുത്തി നിയമപ്രകാരമുള്ള നടപടികളിലൂടെ പഞ്ചായത്തിൻറ വരവ് വർദ്ധിപ്പിക്കുവാനുള്ള യാതൊരുവിധ നടപടിയും പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല.1988മുതൽ 2004 വരെയുള്ള കാലങ്ങളിൽ പൂർത്തീകരിച്ച ടി- കെട്ടിടം പൂർണ്ണാധികാരത്തോടെ സ്വകാര്യ സംഘങ്ങൾക്ക് കൈമാറിയതിന് ന്യായീകരണമില്ല. ഭരണസമിതിയുടെയും ജീവനക്കാരുടെയും സ്ഥാപനത്തോടുള്ള ആത്മാർത്ഥതാ കുറവും അഴിമതിക്കുള്ള സാഹചര്യം സൃഷ്ടിക്കുന്നതുമാണ് ഇത്തരം പ്രവർത്തനങ്ങൾ, നാളിതുവരെ വാട നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ നഷ്ടം ഓഡിറ്റിനു വിലയിരുത്താൻ സാധിച്ചിട്ടില്ല.മേൽ അപാകതയുടെ നിജസ്ഥിതി വ്യക്തമാകാൻ വകുപ്പ് തല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശചെയ്യുന്നു. മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവാ ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ-വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | സേവാ ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ,സ്റ്റേഷനറി എന്നിവ വാങ്ങൽ |
| പ്രോജക്ട്.നം | S0025/16 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 204100/- |
| ചെലവ്- | 188640/- |
| ഡി. ഡി.നം തി. | 194764/30.03.2016 |

സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഇല്ലാതെ ഗ്രാമസേവാ കേന്ദ്രങ്ങളിലേക്ക് ഫർണിച്ചർ വാങ്ങാൻ തീരുമാനിച്ചു.പ്രോജക്ട് പ്രകാരം ഒരോ സേവനകേന്ദ്രങ്ങളിലേയ്ക്കും ആവശ്യമുള്ളത് ചുവടെ ചേർക്കുന്നു.

| | |
|---|---|
| അലമാരി | 1 |
| മേശ | 1 |

| | |
|---|---|
| കസേര | 13 |

മേൽ പ്രോജക്ടുപ്രകാരം 13 സേവനകേന്ദ്രങ്ങളിലേയ്ക്ക് 13 വീതം മേശയും അലമാരിയും 169 കസേരയും വാങ്ങാനായിരുന്ന തീരുമാനം. മേൽ വാങ്ങലുകൾക്ക് പഞ്ചായത്ത് ഇൻഡന്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്തു സെക്രട്ടറിയുടെ 24.02.2016-ലെ നം. A1-323/15 കത്തുപ്രകാരം മാനേജർ, കേരള സിഡ്‌ക്കോ, തൊടുപുഴയിൽ നിന്നും കപ്ബോർഡുള്ള 13 മേശയും 221 കസേരയും (ഒരു സേവനകേന്ദ്രത്തിന് 17 കസേരകൾ)വാങ്ങിയിട്ടുണ്ട്. പ്രത്യേക അനുമതിയൊന്നും ഇല്ലാതെ ഇനങ്ങളുടെ എണ്ണത്തിൽ മാറ്റംവരുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഈയിനത്തിന് സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയല്ല ഇനങ്ങൾ വാർഡുകളിലേക്ക് വിതരണം ചെയ്തിരിക്കുന്നത്. പ്രോജക്ട് രജിസ്റ്ററിൽ 1, 2 വാർഡുകളിലേയ്ക്കുള്ളവ മാത്രമേ കൈപ്പറ്റിയതായി വാർഡുമെമ്പർമാർ സാക്ഷ്യ- പ്പെടുത്തിയിട്ടുള്ളു. ഇതു സംബന്ധിച്ച് യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല.

29.1.2016-ലെ കമ്മിറ്റിയുടെ 15-ാംനമ്പർ തീരുമാനപ്രകാരം 1,2,6,7,8,11,12 എന്നീ വാർഡുകളിലെ സേവനകേന്ദ്രങ്ങൾക്ക് വാടകമുറികൾ കണ്ടെത്തണമെന്ന് തീരുമാനമുണ്ട്. ബാക്കി 6 സേവനകേന്ദ്രങ്ങളിലേയ്ക്കു നൽകിയ ഉപകരണങ്ങൾ ആരും കൈപ്പറ്റിയതായി രേഖയില്ല (വി.ഇ.ഒ. ഓഫീസ്, പഞ്ചായത്ത്,4അങ്കണവാടികൾ). എന്നാൽ നാളിതുവരെ പഞ്ചായത്ത് ഏതെങ്കിലും വാടകമുറികൾ കണ്ടെത്തുകയോ ഉടമസ്ഥരുമായി കരാറിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. മുറിയുടെ വാടക നിശ്ചയിച്ച് കരാർ വയ്ക്കാതെ പ്രവർത്തിക്കുന്ന രണ്ട് സേവനകേന്ദ്രങ്ങളിലേയ്ക്ക് ഓരോ മേശയും 17 കസേരകളും വീതം നൽകിയിട്ടുണ്ട്.ആയത് ബന്ധപ്പെട്ട മെമ്പർമാർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നിലവിൽ ഇല്ലാത്ത സേവന കേന്ദ്രങ്ങളിലേയ്ക്ക് മേശയും, കസേരകളും വാങ്ങിയതിൻെറ വിവരം ചുവടെ-

| ക്രമനം | ഇനം | എണ്ണം | വില | ആകെ |
|---|---|---|---|---|
| 1 | മേശ | 11 | 5466/- | 60126/- |
| 2 | കസേര | 187 | 420/- | 78540/- |
| ആകെ | | | | 138666/- |

ആയതിനാൽ ഇല്ലാത്ത സേവനകേന്ദ്രങ്ങൾക്കു വേണ്ടി ചെലവഴിച്ച 138666/-രൂപ ഓഡിറ്റ് അംഗീകരി ക്കുന്നില്ല.മേൽ അപാകത നിലനിൽക്കുന്നതിനാൽ ചെലവഴിച്ച ബാക്കി തുകയായ 49974/- (vat+transportation include) രൂപ ഓഡിറ്റ് തടസ്സത്തിലും വെയ്ക്കുന്നു.ഇയിനത്തിൽ നഷ്ടമായ തുക ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതുമാണ്.

## 3-2 അലുമിനിയം റൂഫിങ് ഷീറ്റ് - അധിക നിരക്ക് അനുവദിച്ചു-

എ.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പുനരുദ്ധാരണം-വാർഡ് 2 |
| പ്രോജക്ട് നം. | S0101/16 |
| അടങ്കൽ | 100000/- |
| ചെലവ് | 93396/- (excluding CP) |
| ബിൽ.നം. | 58/16,31.03.2016 |
| അളവ് പുസ്തകം | 42/2016 |
| കൺവീനർ | ബാബു ജോൺ |
| നിർവ്വഹണം | അസി. എഞ്ചിനീയർ |

ബി.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പുനരുദ്ധാരണം-വാർഡ് 1 |
| പ്രോജക്ട് നം. | S058/16 |
| അടങ്കൽ | 200000/- |
| ചെലവ് | 180505/- (including CP) |
| ബിൽ.നം. | 42/16,29.03.2016 |
| അളവ് പുസ്തകം | 39/2016 |
| കരാറുകാരൻ | പി.കെ.വർഗ്ഗീസ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തികളിൽ അലുമിനിയം ഷീറ്റ് റൂഫിങ് (0.40mm കനം) പ്രവൃത്തിക്ക് ഒബ്സർവേഡ് ഡേറ്റാ പ്രകാരം യഥാക്രമം 1m2-ന് 415/-രൂപ (കൺവീനർ പ്രവർത്തി), 478/-രൂപ (കരാർ പ്രവൃത്തി) എന്നീ നിരക്കിലാണ് തുക അനുവദിച്ച നല്കിയിട്ടുള്ളത്.എന്നാൽ ഇതോടൊപ്പം ചെയ്ത ഇതര പ്രവൃത്തികൾക്ക് അനുവദിച്ച നിരക്ക് ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പുനരുദ്ധാരണം-വാർഡ് 9 |
| പ്രോജക്ട് നം. | S0102/16 |
| അടങ്കൽ | 232705/- |
| ചെലവ് | 217178/- (excluding CP) |

| | |
|---|---|
| ബിൽ.നം. | 55/16,31.03.2016 |
| അളവ് പുസ്തകം | 22/2016 |
| കൺവീനർ | ടി.യു.ജോസ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം-5)

| ചെയ്യത അളവ് | നല്കിയ നിരക്ക്, | നല്കിയ തുക | അനുവദനീയ നിരക്ക് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 44.20m2 | 1m2-ന് -790/- | 34918/- | 1m2-ന് 415/-രൂപ | 18343/- | 16575/- |

2.

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പുനരുദ്ധാരണം-വാർഡ് 10 |
| പ്രോജക്ട് നം. | S0100/16 |
| അടങ്കൽ | 150000/- |
| ചെലവ് | 140096/- (excluding CP) |
| ബിൽ.നം. | 45/16,29.03.2016 |
| അളവ് പുസ്തകം | 30/2016 |
| കൺവീനർ | പി.വി.രാജു |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം-2)

| ചെയ്ത അളവ് | നല്കിയ നിരക്ക്, | നല്കിയ തുക | അനുവദനീയ നിരക്ക് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 19.44m2 | 1m2-ന് -790/- | 15358/- | 1m2-ന് 415/-രൂപ | 8068/- | 7290/- |

3.

| | |
|---|---|
| പ്രോജക്ട് | പണ്ടപ്പള്ളി യു പി സ്കൂൾ മെയിൻറനൻസ്-വാർഡ് -7 |
| പ്രോജക്ട് നം. | S098/16 |
| അടങ്കൽ | 256210/- |
| ചെലവ് | 239291/- (excluding CP) |
| ബിൽ.നം. | 51/16,29.03.2016 |

| | |
|---|---|
| അളവ് പുസ്തകം | 38/2016 |
| കൺവീനർ | ഉല്ലാസ് .ടി.സി |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം-3)

| ചെയ്ത അളവ് | നല്കിയ നിരക്ക്, | നല്കിയ തുക | അനുവദനീയ നിരക്ക് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 227.20m2 | 1m2-ന് -790/- | 179488/- | 1m2-ന് 415/-രൂപ | 94288/- | 85200/- |

4.

| | |
|---|---|
| പ്രോജക്ട് | കൃഷിഭവൻ മെയിൻറനൻസ്- |
| പ്രോജക്ട് നം. | S099/16 |
| അടങ്കൽ | 300000/- |
| ചെലവ് | 270597/- (excluding CP) |
| ബിൽ.നം. | 54/16,29.03.2016 |
| അളവ് പുസ്തകം | 36/2016 |
| കൺവീനർ | പി.ജെ.ജോണി |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം-4)

| ചെയ്ത അളവ് | നല്കിയ നിരക്ക്, | നല്കിയ തുക | അനുവദനീയ നിരക്ക് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 47.75m2 | 1m2-ന് -790/- | 37723/- | 1m2-ന് 415/-രൂപ | 19816/- | 17907/- |

മേൽ പ്രവൃത്തികൾക്ക് അധികനിരക്ക് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികം നല്കിയ (16575+7290+85200+17907)=126972/-രൂപ ബന്ധപ്പെട്ട അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-3 ടാറിങ് പ്രവൃത്തിക്ക് അധികഅളവിൽ നിരക്ക് നൽകി.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ (supplying&stacking 12mm brocken stone including cost&conveyance etc,complete, supplying&stacking 6mm brocken stone including cost&conveyance etc,complete) എന്നീയിനങ്ങൾക്ക് അധികഅളവിന് നിരക്ക് അനുവദിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ-

1.

| | |
|---|---|
| പ്രോജക്ട് | പടിഞ്ഞാറേത്തോട്ടം കോളനി റോഡ് -റീ ടാറിങ് ,വാർഡ്-1 |
| പ്രോജക്ട് നം. | S055/16 |
| അടങ്കൽ | 100000/- |
| ചെലവ് | 93139/- |
| ബിൽ. നം,തീ. | 2/15-16,11.9.15 |
| അളവ് പുസ്തകം | 3/14-15 |
| കരാറുകാരൻ | കെ.എം.മുസ്തഫ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം-2,3)

| ചെയ്ത അളവ് | നിരക്ക് | നല്കിയതുക | അനുവദനീയ അളവ് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 1x110x2.70x0.027/m3= 8.10m3 (12mm) | 1815.00/m3 | 14702/- (1815x8.10) | 0.027/m3 x262.08= 7.07 | 12832/- (1815x7.07) | 1870/- |
| 1x110x2.70x0.009/m3= 2.70m3 (6mm) | 1474.00/m3 | 3980/- (1474x2.70) | 0.009/m3x 262.08=2.35 | 3464/- (1474x2.35) | 516/- |

| | | | | | |
|---|---|---|---|---|---|
| ആകെ | - | - | - | - | 2386/- |

2.

| | |
|---|---|
| പ്രോജക്ട് | ഇല്ലിക്കുളം റോഡ് മെറ്റലിംഗ്&ടാറിങ് വാർഡ്-1 |
| പ്രോജക്ട് നം. | S036/15 |
| അടങ്കൽ | 315000/- |
| ചെലവ് | 299250/- |
| ബിൽ. നം,തീ. | 29/15-16,12.2.16 |
| അളവ് പുസ്തകം | 36/14-15 |
| കരാറുകാരൻ | കെ.എം.മുസ്തഫ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

പ്രവൃത്തിയുടെ വിവരം-(അളവ് പുസ്തകം ഇനം-7,8)

| ചെയ്ത അളവ് | നിരക്ക് | നല്കിയതുക | അനുവദനീയ അളവ് | നല്കേണ്ട തുക | അധികം നല്കിയത് |
|---|---|---|---|---|---|
| 1x168x2.80x 0.027/m3= 12.70m3 (12mm) | 1815.00/m3 | 23051/- (1815x12.70) | 0.027/m3 x 262.08= 7.07 | 12832/- (1815x7.07) | 10219/- |
| 1x168x2.80x0.009/m3= 4.30m3 (6mm) | 1474.00/m3 | 6338/- (1474x4.30) | 0.009/m3x 262.08=2.35 | 3464/- (1474x2.35) | 2874/- |
| ആകെ | - | - | - | - | 13093/- |

മേൽ പ്രവൃത്തികൾക്ക് അധികമായി അനുവദിച്ച (2386+13093)=15479/-രൂപ ബന്ധപ്പെട്ട അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ട- താണ്.

## 3-4 സിന്തറ്റിക്ക് ഇനാമൽ പെയിൻറ് -അധികനിരക്ക് നൽകി

| | |
|---|---|
| പ്രോജക്ട് | അങ്കണവാടി പുനരുദ്ധാരണം-വാർഡ് 9 |
| പ്രോജക്ട് നം. | S0102/16 |
| അടങ്കൽ | 232705/- |

| | |
|---|---|
| ചെലവ് | 217178/- (excluding CP) |
| ബിൽ.നം. | 55/16,31.03.2016 |
| അളവ് പുസ്തകം | 22/2016 |
| കൺവീനർ | ടി.യു.ജോസ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ ഇനം-18 ആയി ചെയ്ത സിന്തറ്റിക്ക് ഈനാമൽ പെയിൻറിൻറ നല്കിയ നിരക്ക് ചുവടെ-(code-13.61.1)

7x2 1.00x 1.40x 0.50 = 9.80

4x2 0.90x 2.10x 1.125 =17.01

26.81m2

27.00m2@90.00/m2 = 2430/-

അനുവദനീയ നിരക്ക് -

cost of 1sqm- 74.40

വ്യത്യാസം = 27.00m2@74.40./m2 = 2009/- (2430- 2009)=421/-രൂപ, ടിയിനത്തിന് അധിക മായി നൽകി തുക അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-5 പൊട്ടന്മല കുടിവെള്ള പദ്ധതി-മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ

| | |
|---|---|
| പ്രോജക്ട് | പൊട്ടന്മല കുടിവെള്ള പദ്ധതി-മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ-വാർഡ്-9 |
| പ്രോജക്ട് നം. | S065/15-16 |
| അടങ്കൽ | 55000/- |
| ചെലവ് | 54908/- |
| ബിൽ. നം. | 52/15-16,29.3.16 |
| കരാറുകാരൻ | ജെയ്സൺ കുര്യാക്കോസ് |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

നിലവിലെ ഉപയോഗശൂന്യമായ മോട്ടോർ മാറ്റി പുതിയവ സ്ഥാപിക്കുകയെന്നതാണ് പ്രവൃത്തി,ആയത് പ്രകാരം 10-HP ശക്തിയുള്ള മോട്ടോർ

മാറ്റി പുതിയവ സ്ഥാപിച്ച എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നത്.എന്നാൽ നിലവിലെ പഴയ മോട്ടോർ, 2.5m GI പൈപ്പ് എന്നിവ നീക്കം ചെയ്യത് സെക്രട്ടറിക്ക് കൈമാറിയെന്ന് അസി.എഞ്ചിനീയർ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പഴയ മോട്ടോർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഫയലിനൊപ്പം പഴയ മോട്ടോർ ലേല നടപടികളിലൂടെ വിറ്റഴിച്ചതായോ, പഞ്ചായത്തിൽ മുതൽ കൂട്ടിയതായോ വ്യക്തമല്ല. പരാമർശങ്ങൾക്ക് വിശദമായ മറുപടി ഹാജരാക്കേണ്ടതും ഉപയോഗശൂന്യമായ മോട്ടോർ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിൻെറ ഏകദേശ മൂല്യം വിലയിരുത്തി തുക ഉത്തരവാദിയായ ഉദ്ധ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

# 3-6 പാലിയേറ്റീവ് കെയർ -പദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ യൂണിറ്റ് |
| പ്രോജക്ട് നം. | S020/15-16 |
| അടങ്കൽ | 300000/- |
| ചെലവ് | 294830/- |
| ബിൽ. നം. | 1to13/15-16,29.3.16 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി |

മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചുവടെ-

1. ഭക്ഷണ, വാഹന വാടക ഇനത്തിൽ അധിക ചെലവ്

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രൊജക്ട് പ്രകാരം വാഹന വാടക.ഭക്ഷണം എന്നീ ഇനങ്ങളിൽ ആകെ 120,000/- രൂപയാണ് പ്രൊജക്ടിൽ വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ ഇനങ്ങളിൽ ആകെ 148870 ചെലവിട്ടതായി കാണുന്നു. 28870/- രൂപ അധികമായി ചെലവാക്കിയിട്ടുണ്ട്. മാറാരോഗികളുടെ ചികിത്സാർത്ഥം നടത്തുന്ന ടി പ്രൊജക്ടിൽ ഇത്തരം അനാവശ്യ ചെലവുകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയറിനുള്ള വാഹനം ക്വട്ടേഷൻ നടത്തിയതിൻെറ രേഖകൾ

<u>ലഭ്യമല്ല</u>

പാലിയേറ്റീവ് കെയറിനുള്ള വാഹനം നിർവ്വഹണ ഉദ്യോഗസ്ഥൻ ക്വട്ടേഷൻ ക്ഷണിച്ച്, കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന വാഹനമായിരിക്കണം വാടകയ്ക്ക് എടുക്കേണ്ടത്. എന്നാൽ ക്വട്ടേഷൻ നടത്തിയതിൻെറ രേഖകളൊന്നും ലഭ്യമല്ല.

<u>3.രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

പാലിയേറ്റീവ് കെയർ രോഗികളെ രജിസ്റ്റർ ചെയ്ത് ഉൾപ്പെടുത്താനും മരണാനന്തരം നീക്കം ചെയ്യുന്നതിനുമുള്ള നോമിനൽ രജിസ്റ്റർ, പാലിയേറ്റീവ് പരിചരണ യൂണിറ്റിൻെറ നേതൃത്ത്വത്തിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ, ഹോം കെയർ, ഒ.പി. ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണം, വാർഷികം എന്നിവ രേഖപ്പെടുത്തുന്നതിനുള്ള ഈവൻറ്സ് ഡയറി, പണമായോ സാധന സാമഗ്രികളായോ ലഭിക്കുന്ന വിഭവ സമാഹരണങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ക്യാഷ് & അസെറ്റ്സ് ഡൊണേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നതായി കാണുന്നില്ല.

<u>4. ഡിഡി മാറിയതിൻെറ തെളിവുകൾ ഇല്ല</u>

അലോട്ട്മെൻറ് പ്രകാരം ഡിഡി മാറി പാലിയേറ്റീവ് ആവശ്യത്തിന് വിവിധ വ്യക്തികൾക്ക് വിതരണം ചെയ്തതിൻെറ ഡിഡി ഇഷ്യൂ രജിസ്റ്റർ, ഡിഡി അപേക്ഷയുടെ കൗണ്ടർ ഫോയിൽ തുടങ്ങിയവ ഫയലിൽ ലഭ്യമല്ല.

പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾ ഭാവിയിൽ നിർബന്ധമായും ഒഴിവാക്കേണ്ടതും പദ്ധതി നടത്തിപ്പിൻെറ സുതാര്യത ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-7 <u>മൃഗാസ്പത്രിയ്ക്ക് മരുന്നു വാങ്ങൽ</u>

| | |
|---|---|
| പ്രോജക്ട് | മൃഗാസ്പത്രിയ്ക്ക് മരുന്ന് വാങ്ങൽ- |
| പ്രോജക്ട് നം. | S023/15-16 |
| അടങ്കൽ | 75000/- |
| ചെലവ് | 70879/- |
| ബിൽ. നം. | 1/15-16,10.3.16 |
| നിർവ്വഹണം | മൃഗഡോക്ടർ |

മേൽ പദ്ധതിപ്രകാരം മരുന്നു വാങ്ങിയ വകയിൽ യുണൈറ്റഡ് ഏജൻസീസ് എന്ന

സ്ഥാപനത്തിനു വേണ്ടി മാറിയ 70879/- രൂപയുടെ കൈപ്പറ്റ് രസീത് ഓഡിറ്റിനു മുൻപാകെ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല (ഡിഡി നമ്പർ193628/15-03-16). ആയതിനാൽ കൈപ്പറ്റ് വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-8 വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്ത തിനാൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.വിശദവിവരം ചുവടെ-

| ക്രമ നമ്പർ | പദ്ധതിയുടെ നം | നിർവ്വഹണം | പദ്ധതിയുടെ പേര് | ബിൽ നമ്പർ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 37/ 15-16 | കൃഷി ഓഫീസർ | കണിയാംപാടം-കൊട്ടുവേലിപ്പാടം തോട് നീർത്തടപദ്ധതി-പഞ്ചായത്ത് വിഹിതം | 04/15-16 /27-01-16 | 46016/- |
| 2 | 38/15-16 | കൃഷി ഓഫീസർ | മാറ്റാപ്പിള്ളി തോട് നീർത്തടപദ്ധതി-പഞ്ചായത്ത് വിഹിതം | 03/15-16 /27-01-16 | 73872/- |
| - | - | - | - | ആകെ | 119888/- |

## 3-9 ആശ്രയ കുടുംബങ്ങൾക്ക് മരുന്ന്

ആശ്രയ കുടുംബങ്ങൾക്ക് മരുന്ന് വിതരണം നടത്തുന്നതിനായി മെഡിക്കൽ ഓഫീസർ, സി. എച്ച്.സി. പണ്ടപ്പിള്ളി,പഞ്ചായത്തിന്റെ ചലഞ്ചുഫണ്ടിൽനിന്ന്[A/C No 403202010004495] 35,000/- രൂപ (10,000/-.ചെക്.നം.029607/07.09.15, 10,000/- ചെക്ക്.നം.029613/13.01.16, 15,000/-ചെക്ക്.നം.029615/30.01.16) കൈപ്പറ്റിയി- ട്ടുണ്ട്.അതിൽ മരുന്നിനായി തൻവർഷം 26147/-രൂപ മാത്രമേ കൈമാറിയിട്ടുള്ളൂ.ബാക്കി തുകയായ 8853/-രൂപ തിരിച്ചടക്കുകയോ അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിക്കുകയോ ചെയ്യേണ്ടതാണ്.

## 3-10 തൊഴിലുപകരണങ്ങൾക്കു വാടക

തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലുപകരണങ്ങൾക്കു കൂടുതൽ വാടക നൽകിയിതു സംബന്ധിച്ച്

പണ്ടപ്പള്ളി മുതൽ പാറക്കടവ് വരെ കനാൽ കനാൽ പുനരുദ്ധരിക്കുക -റീച്ച് 2 പദ്ധതിയിൽ പ്രവർത്തി ആരംഭിച്ചത് 12.11.15 നും പ്രവർത്തി പൂർത്തിയായത് 25.11.15നമാണ്. പ്രവർത്തിയിൽ ആകെ തൊഴിൽ ദിനങ്ങളുടെ എണ്ണം 12 ആണ്. എന്നാൽ സൈറ്റ് ഡയറിയിൽ 21.10.15 മുതൽ 25.11.15 വരെ പ്രവർത്തി ദിനങ്ങളായി കണക്കാക്കിയാണ്. ആകെ തൊഴിൽ ദിനം കണക്കാക്കിയിരിക്കുന്നത് 22 എന്നാണ്. 21.10.15, 22.10, 23.10, 26.10, 27.10, 28.10, 29.10, 30.10, 31.10, 2.11.15 ദിവസങ്ങളിൽ തൊഴിലു പകരണങ്ങൾക്കാണ് അധികമായി വാടക കൊടുത്തിരിക്കുന്നത്. അതേ ദിവസങ്ങളിൽ കണക്കാ ക്കിയിട്ടുള്ള വാടകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. തൊഴിലാളികൾ കൊണ്ടു വന്ന് പ്രവർത്തിയിൽ ഉപയോഗി ക്കുന്നവ-

| ക്രമ നമ്പർ | ഉപകരണങ്ങൾ | 10 ദിവസങ്ങളിലെ ആകെ എണ്ണം | അനുവദിച്ച വാടക |
|---|---|---|---|
| 1 | അരിവാൾ | 105 | 630(105*6) |
| 2 | തൂമ്പ | 43 | 430(43*10) |
| 3 | മൺവെട്ടി | 43 | 344(43*8) |
| 4 | ചട്ടി | 20 | 160(20*8) |
| | | ആകെ തുക | 1564 |

പഞ്ചായത്തിൽ നിന്നും ലഭിച്ച് പ്രവർത്തിയിൽ ഉപയോഗിച്ചവ-

| ക്രമ നമ്പർ | ഉപകരണങ്ങൾ | 10 ദിവസങ്ങളിലെ ആകെ എണ്ണം | അനുവദിച്ച വാടക |
|---|---|---|---|
| 1 | അരിവാൾ | 20 | 120(20*6) |
| 2 | തൂമ്പ | 20 | 200(20*10) |
| 3 | മൺവെട്ടി | 20 | 160(20*8) |
| 4 | ചട്ടി | 20 | 160(20*8) |
| | | ആകെ തുക | 640 |

വാടകയിനത്തിൽ ഇല്ലാത്ത പ്രവർത്തിദിനങ്ങൾക്ക് വാടക നൽകിയിരിക്കുന്നതിന് വിശദീകരണം നൽ കേണ്ടതാണ്.

## 3-11 തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ വ്യക്തിഗത ഭൂഉടമ തൊഴിൽ കാർഡ് ലഭിച്ചയാളും പ്രസ്തുത പ്രവർത്തിയിൽ പണി എടുക്കുന്നയാളും ആയിരിക്കണം എന്നുത്തരവുള്ളതാണ്.(സർക്കുലർ നം 68108/ഡിഡി 2/2011 ത.സ്വ .ഭ.വ 14.12.11). എന്നാൽ ഏറ്റെടുത്തിക്കുന്ന പല പദ്ധതികളിലും ഈ മാനദണ്ഡം പാലിക്കുന്നതായി കാണു ന്നില്ല. ഉദാഹരണങ്ങൾ ചുവടെ -

| ക്രമ നം | പദ്ധതി നമ്പർ | പ്രവർത്തിയുടെ പേര് | അപാകത |
|---|---|---|---|
| 1 | 56/2015-16 വാർഡ് 12 | ആരക്കുഴ നീർത്തടത്തിലെ ഭൂവികസന പ്രവർത്തികൾ | പദ്ധതിയുടെ ഗുണഭോക്താക്കളായ ഷൈനി ജോസഫ്, കരുണാകരൻ കുട്ടപ്പൻ എന്നിവർ പ്രവർത്തിയിൽ പണിയെടുത്തവരല്ല |
| 2 | 53/2015-16 വാർഡ് 11 | ആറൂർ നീർത്തടത്തിലെ ഭൂവികസന പ്രവർത്തികൾ | ഗുണഭോക്താവായ മോളിക്കുട്ടി സെബാസ്റ്റ്യൻ പ്രവർത്തിയിൽ പണിയെടുത്തിട്ടില്ല |
| 3 | 38/2015-16 | ആറൂർ നീർത്തടത്തിലെ ഭൂവികസന പ്രവർത്തികൾ | ഗുണഭോക്താക്കളായ റിജോയി മാണി, അന്നക്കുട്ടി ദേവസ്യ, റോസമ്മ മാത്യു എന്നിവർ പ്രവർത്തിയിൽ പണിയെടുത്തിട്ടില്ല |
| 4 | 28/2015-16 | ചാന്ത്യം നീർത്തടത്തിലെ ഭൂവികസന പ്രവർത്തികൾ | ഗുണഭോക്താവായ വിജയൻ എൻ. പ്രവർത്തിയിൽ പണിയെടുത്തിട്ടില്ല |

മേൽ അപാകത നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലാക്ക് പഞ്ചായത്ത് | 2015-16 | 100000.00 | പാലിയേറ്റീവ് | - | 100000.00 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | സ്ലീറ്റ് മെയിൻ വലിയ്ക്കൽ | 217568/19.8.2015 | 280000.00 | 280000.00 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല

## 4-4 ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | സ.ഉ.നം. 849/2010തീ.12.3.10 | 2737600 | 1580880 | 273760 | 547520 | 759600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 9 | 2004-05 | 7-1(1) | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം- അപാകത- പുതിക്കിയ എസ്റ്റിമറ്റിന് സാങ്കേതികാനുമതി വാങ്ങിയില്ല. | 19.4.2016-ലെ എട്ടാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം പരാമർശം ഒഴിവാക്കി നൽകുവാൻ നിയമസഭാസമിതിക്ക് അപേക്ഷ നൽകി. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30,076,267.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 26,675,403.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 281538.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 240741.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 138666.00 | എൻ അനിൽകുമാർ,സെക്രട്ടറി |
| 3-2 | - | 126972.00 | ബേസിൽ മാത്യു,അസി.എഞ്ചിനീയർ |
| 3-3 | - | 15479.00 | ബേസിൽ മാത്യു,അസി.എഞ്ചിനീയർ |
| 3-4 | - | 421.00 | ബേസിൽ മാത്യു,അസി.എഞ്ചിനീയർ |
| ആകെ | - | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 49974.00 | എൻ അനിൽകുമാർ,സെക്രട്ടറി |
| 3-7 | 70879.00 | ഡോ.ധന്യ. വി. പൈ,വെറ്റിനറി സർജൻ |
| 3-8 | 119888.00 | ശ്രീമതി.സൂസൻ ബെഞ്ചമിൻ,കൃഷി ഓഫീസർ |

**(സി)** **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-**

ഇല്ല.

**(ഡി)** **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-**

ഇല്ല.

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എൻ അനിൽകുമാർ,സെക്രട്ടറി | സെക്രട്ടറി,വടവുകോട്-പുത്തൻകുരിശ് | ചാമക്കാലയിൽ, വടയമ്പാടി, പുത്തൻകുരിശ് |
| ബേസിൽ മാത്യു,അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,ആരക്കുഴ | പാലപ്പിള്ളിൽ വീട്,കറുകടം പി ഒ, കോതമംഗലം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1997-98 | എൽ എഫ് ഇ പി 5 -52/2000/22-3-2001 |
| 1998-99 | എൽ എഫ് ഇ പി 5 -1279/2000/16-7-2001 |
| 1999-00 | എൽ എഫ് ഇ പി 5 -1041/2001/19-11-2001 |
| 00-01 | എൽ എഫ് ഇ പി 5 -1201/2002/14-3-2003 |
| 01-02 | എൽ എഫ് ഇ പി 5 -1702/2003/19-3-2004 |
| 02-03 | എൽ എഫ് ഇ പി 5 -224/2003/26-10-2005 |
| 03-04 | എൽ എഫ് ഇ പി 5 -1541/2009/15-3-2010 |
| 04-05 | എൽ എഫ് ഇ പി 5 -1542/2009/15-3-2010 |
| 05-06 | എൽ എഫ് ഇ പി 5 -1543/2009/15-3-2010 |
| 06-07 | എൽ എഫ് ഇ പി 5 -892/2008/19-01-2009 |
| 07-08 | എൽ എഫ് ഇ പി 5 -589/2010/22-10-2011 |
| 08-09 | എൽ എഫ് ഇ പി 5 -590/20010/22-10-2011 |
| 09-10 | എൽ എഫ് ഇ പി 8 -1066/2013/16-07-2013 |
| 10-11, 11-12 | എൽ എഫ് ഇ പി 8 -1624/2013/03-10-2013 |
| 12-13, 13-14 | എൽ എഫ് ഇ പി 8 -211/2015/03-03-2015 |
| 14-15 | എൽ എഫ് ഇ പി 8-879/2016/06-06-2016 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം - I

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ഇകെഎം(പി8)2039/2016

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271
e-mail-lfadekm@gmail.com
തീയതി:8-12-2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആരക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

ANNEXURE – I

AUDIT CERTIFICATE

KSA-EKM(P8)2039/2016

Kerala State Audit Department,
District Audit Office,
Ernakulam, Kakkanad-682030
Phone: 0484- 2422271,
e-mail.lfadekm@gmail.com

Date:8-12-2016

Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of Certified that I have audited the Annual Financial Statement of **Arakuzha Grama panchayat** in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of panchayat for the year **2015-16** except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G)